ॐ



സിദ്ധോ*f*സ്മ്യനുഗൃഹീതോ*f*സ്മി ഭവതാ കരുണാത്മനാ
ശ്രാവിതോ യച്ച മേ സക്ഷാദനാദിനിധനോ ഹരി: (12-6-2)
ബ്രഹ്മഭൂതസ്യ രാജർഷേർദ്ദേഹോ*f*ഹിഗരളാഗ്നിനാ
ബഭൂവ ഭസ്മസാത് സദ്യ: പശ്യതാം സർവദേഹിനാം (12-6-13)
ത ഏതദധിഗച്ഛന്തി വിഷ്ണോര്യത് പരമം പദം
അഹം മമേതി ദൌർജ്ജന്യം ന യേഷാം ദേഹഗേഹജം (12-6-33)
നാമോ ഭഗവതേ തസ്മൈ കൃഷ്ണായാകുണ്ഠമേധസേ
യത് പാദാംബുരുഹധ്യാനാത് സംഹിതാ മധ്യഗാമിമാം (12-6-35)

*പരീക്ഷിത്തു പറഞ്ഞു:*
ഞാൻ സമ്പൂർണ്ണനും അനുഗ്രഹീതനുമായി. പരമദയാലുവായ അവിടുന്ന് ഭഗവാൻ ഹരിയുടെ കഥകൾ എനിക്കായി പറഞ്ഞുതന്നുവല്ലോ. തക്ഷകസർപ്പത്തെ ഇനി എനിക്കു പേടിയില്ല. മരണത്തെത്തന്നെ ഭയമില്ലാത്തതുകൊണ്ട് തക്ഷകദംശത്താൽ എനിക്കുണ്ടാവുന്ന മരണത്തെപ്പറ്റി ഞാൻ ആകുലനല്ല. ഞാൻ അനന്തനായ പരമാത്മാവിൽ ഒന്നുചേർന്നിരിക്കുന്നു. അവിടുത്തെ ശിക്ഷണംകൊണ്ട് എനിക്ക് ഭയമേതുമില്ലാതായിരിക്കുന്നു.

*സൂതൻ പറഞ്ഞു:*
അങ്ങിനെ പരീക്ഷിത്തു രാജാവിനാൽ പ്രകീർത്തിക്കപ്പെട്ട്, പൂജിക്കപ്പെട്ട ശുകമഹർഷി അവിടം വിട്ടുപോയി. ഗംഗാതീരത്ത് രാജാവ് തീവ്രധ്യാനത്തിലേർപ്പെട്ടിരുന്നു. അനന്തവുമായി വിലയം പ്രാപിച്ചു. അധികം താമസിയാതെ ബ്രാഹ്മണശാപഫലമായി തക്ഷകൻ പരീക്ഷിത്തിനെ കൊല്ലാൻ പുറപ്പെട്ടു. വേഷമേതും ധരിക്കാൻ കഴിവുള്ള തക്ഷകൻ ഒരു ബ്രാഹ്മണവേഷത്തിൽ പരീക്ഷിത്തിൻെറ അടുക്കലേക്ക് പുറപ്പെട്ടു. വഴിയിൽ കശ്യപമുനിയെക്കണ്ട് അദ്ദേഹത്തിനു കൈക്കൂലികൊടുത്ത് വശപ്പെടുത്തി രാജാവിനെ രക്ഷിക്കുന്നതിൽ നിന്നും പിന്തിരിപ്പിച്ചു. കശ്യപമുനിക്ക് സർപ്പവിഷപ്രതിവിധി അറിയാമായിരുന്നു. തീവ്രധ്യാനത്തിൽ മുഴുകിയിരുന്ന പരീക്ഷിത്ത് പരമാത്മാവിൽ വിലയം പ്രാപിച്ചിരുന്നു. അദ്ദേഹത്തിൻെറ ശരീരത്തിൽ തക്ഷകൻ കടിച്ചു. വിഷം വ്യാപിച്ച് ശരീരം ചാമ്പലായി.

ഇതുകണ്ട് പരീക്ഷിത്തിൻെറ പുത്രൻ ജനമേജയൻ ക്രുദ്ധനായി. ചില ബ്രാഹ്മണരുടെ സഹായത്തോടെ അദ്ദേഹം സകലസർപ്പങ്ങളേയും കൊന്നൊടുക്കാനുള്ള ഒരു യാഗം തുടങ്ങി. തക്ഷകൻ ഇന്ദ്രനെ അഭയം പ്രാപിച്ചു. ഇന്ദ്രൻ അഭയമേകാമെന്നു സമ്മതിക്കുകയും ചെയ്തു. അഛൻെറ ഘാതകനെ കണ്ടെത്താൻ കഴിയാതെ ജനമേജയൻ ബ്രാഹ്മണരെ ചോദ്യം ചെയ്തു. അവർ സത്യമറിയച്ചു. ''തക്ഷകനെയും അവനെ സംരക്ഷിക്കുന്ന ഇന്ദ്രാദികളേയും ഈ യാഗാഗ്നിയിൽ വീഴ്ത്തി നശിപ്പിക്കണമെന്ന സങ്കൽപ്പത്തോടെ നമുക്ക് തർപ്പണം ചെയ്യാം''. ജനമേജയൻ പറഞ്ഞു. ഇതുപറയവേ ഇന്ദ്രൻെറ സിംഹാസനം ഇളകി. ബ്രഹസ്പതി ഇടപ്പെട്ട് രാജകുമാരനെ ഉപദേശിച്ചു. ''നിങ്ങൾ പല നിരപരാധികളായ സർപ്പങ്ങളെ നശിപ്പിച്ചുകഴിഞ്ഞു. ഈ യാഗം ഫലപ്രദമാവുകയില്ല. കാരണം അമൃതിൻെറ ഒരംശം കിട്ടിയതു കൊണ്ട് തക്ഷകനെ കൊല്ലുക അസാദ്ധ്യം. ജീവികൾ ദുരിതങ്ങൾ സഹിക്കാനിടയാവുന്നതു സ്വന്തം കർമ്മഫലം കൊണ്ടാണ്. ഒരുവൻെറ മരണവും നിശ്ചയിക്കപ്പെടുന്നത് കർമ്മമനുസരിച്ചത്രെ. അതുകൊണ്ട് ദ്രോഹബുദ്ധിയോടെ ചെയ്യുന്ന ഈ യജ്ഞം അവസാനിപ്പിച്ചാലും.'' ജനമേജയൻ മഹർഷിയെ അനുസരിച്ചു.

കർമ്മങ്ങളും, പ്രതിപ്രവർത്തനങ്ങളും സുഖദു:ഖങ്ങളുമെല്ലാം മായയുടെ തലത്തിൽ മാത്രമേയുള്ളു. ഭഗവാൻ ഇതിനെല്ലാം അതീതനാണ്. ''സ്വശരീരവും, ഗൃഹവും മറ്റുമായി ബന്ധപ്പെട്ട് ഞാൻ, എൻേറത്, എന്ന ബോധമുണ്ടാകുന്നു. അവയിൽനിന്നെല്ലാം ഉയർന്ന്, അത്തരം തോന്നലുകൾ കൊണ്ടുണ്ടാകുന്ന അവസ്ഥകളിൽ പ്രതികരിക്കാതിരിക്കുന്നവർക്കു മാത്രമേ വിഷ്ണുപദം പൂകാൻ കഴിയൂ.

ഏതൊരു ഭഗവാൻെറ പാദകമലങ്ങളുടെ മഹത്വം കൊണ്ട് ഞാനീ മഹിമയേറിയ ദിവ്യഗ്രന്ഥം പഠിച്ചുവോ ആ ഭഗവാൻ കൃഷ്ണന് നമോവാകം.